"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ ജീവനക്കാര്യം - നെല്ലിമൂട് ന്യൂ എച്ച്.എസ്.എസ്.ലെ ടീച്ചർ-ഇൻ-ചാർജ്ജ് ശ്രീമതി ശ്രീകല എൻ.എസ്.ന് പലിശരഹിത ചികിത്സാ വായ്പ അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

**സ.ഉ.(സാധാ) നം.2518/2025/GEDN തീയതി,തിരുവനന്തപുരം, 07-04-2025**

പരാമർശം:- 1. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 13/02/2025-ലെ ഡിജിഇ/2830/2025-ആർ.6 നമ്പർ കത്ത്.

**ഉത്തരവ്**

നെല്ലിമൂട് ന്യൂ എച്ച്.എസ്.എസ്.ലെ ടീച്ചർ-ഇൻ-ചാർജ്ജ് ശ്രീമതി ശ്രീകല എൻ.എസ്.ന് തന്റെ ഭർത്താവിന്റെ പാർക്കിൻസൺസ് രോഗത്തിന് Deep Brain Stimulation ചികിത്സ തിരുവനന്തപുരം ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തുന്നതിനായി 19,50,000/- (പത്തൊൻപത് ലക്ഷത്തി അൻപതിനായിരം രൂപ) രൂപയുടെ പലിശരഹിത ചികിത്സാ വായ്പ അനുവദിക്കുന്നതിനുള്ള അപേക്ഷ പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന പരാമർശം പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

**2)** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം നെല്ലിമൂട് ന്യൂ എച്ച്.എസ്.എസ്.ലെ ടീച്ചർ-ഇൻ-ചാർജ്ജ് ശ്രീമതി ശ്രീകല എൻ.എസ്.ന്റെ ഭർത്താവിന്റെ തിരുവനന്തപുരം ശ്രീചിത്ര തിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജിയിലെ (DEEP BRAIN STIMULATION - NEUROSURGERY) ചികിത്സയ്ക്കായി, **19,50,000/- രൂപ (പത്തൊൻപത് ലക്ഷത്തി അൻപതിനായിരം രൂപ)** പലിശരഹിത ചികിൽസാ വായ്പ **"7610-00-800-91 IFMA to Aided School Teachers"** എന്ന ശീർഷകത്തിൽ (2024-2025 സാമ്പത്തിക വർഷം) നിന്നും ചുവടെ ചേർത്തിരിക്കുന്ന വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സ.ഉ.(അച്ചടി)നം.100/2024/ധന, തീയതി 22.11.2024 (ഖണ്ഡിക-vi) പ്രകാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. മേൽപ്രകാരം അനുവദിച്ച 19,50,000/- രൂപയുടെ പലിശരഹിത ചികിത്സാ വായ്പ, ശ്രീമതി ശ്രീകല എൻ.എസ്. സമർപ്പിക്കേണ്ട മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ക്ലെയിമിൽ ക്രമപ്പെടുത്തേണ്ടതും വായ്പത്തുക പൂർണ്ണമായും ക്രമപ്പെടുത്തിയശേഷവും അനുവദനീയമായ ചികിത്സാചെലവ് ശേഷിക്കുന്നുണ്ടെങ്കിൽ ആ തുക KGSMA ചട്ടങ്ങൾ പ്രകാരമുള്ള ചികിത്സാചെലവിന്റെ പ്രതിപൂരണമായി അനുവദിക്കാവുന്നതുമാണ്. ബന്ധപ്പെട്ട

മെഡിക്കൽ ഓഫീസർ മേലൊപ്പിട്ട ഉപയുക്തതാ സർട്ടിഫിക്കറ്റ് പ്രസ്തുത വായ്പ കൈപ്പറ്റുന്ന തീയതി മുതൽ 3 മാസത്തിനകം അപേക്ഷക ഹാജരാക്കേണ്ടതാണ്. ചികിൽസയ്ക്ക് ചെലവായ തുക കിഴിച്ച് ബാക്കി തുകയുണ്ടെങ്കിൽ മേൽപ്രകാരമുള്ള ഉപയുക്തതാ കാലയളവ് പൂർത്തിയായതിന്റെ തൊട്ടടുത്ത ദിവസംതന്നെ ട്രഷറിയിൽ ഒടുക്കി ചലാൻ അപേക്ഷക ലഭ്യമാക്കേണ്ടതും, പലിശരഹിത ചികിത്സാ വായ്പ ധനവകുപ്പിന്റെ അനുമതിയോടെ 3 മാസത്തിനകം ക്രമപ്പെടുത്തേണ്ടതുമാണ്. അല്ലാത്തപക്ഷം, മേൽ വ്യവസ്ഥകളിൽ ക്രമീകരണ അപേക്ഷ യഥാസമയം സമർപ്പിക്കാത്ത കേസുകളിൽ മുഴുവൻ വായ്പാ തുകയും, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ട കാലയളവിന് ശേഷമുള്ള അവശേഷിക്കുന്ന തുക യഥാസമയം തിരിച്ചടയ്ക്കാത്ത കേസുകളിൽ പ്രസ്തുത തുകയും 12% നിരക്കിൽ പലിശ വായ്പക്കാരിയിൽ നിന്നും ഈടാക്കുന്നതാണ്. പ്രസ്തുത പലിശരഹിത ചികിത്സാവായ്പ തുക ദുരുപയോഗപ്പെടുത്തുകയോ ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യുന്നപക്ഷം ആയത് മൊത്തമായി തിരിച്ച് പിടിക്കുന്നതാണ്. കൂടാതെ, വായ്പക്കാരിക്കെതിരെ അച്ചടക്കനടപടിയും സ്വീകരിക്കുന്നതാണ്.

ii. പ്രസ്തുത വായ്പ വിതരണം ചെയ്യുന്നതിന് മുൻപായി വായ്പ തുക, വായ്പ അനുവദിച്ച ഉത്തരവിന്റെ നമ്പറും തീയതിയും ഉൾപ്പെടെയുള്ള വിവരങ്ങൾ വായ്പക്കാരിയുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്. വായ്പ കൈപ്പറ്റാതിരിക്കുകയോ, റദ്ദ് ചെയ്യപ്പെടുകയോ ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത വിവരം സർക്കാരിനെ കൃത്യമായും അറിയിക്കേണ്ടതാണ്. പലിശരഹിത ചികിൽസാവായ്പ അനുവദിച്ച് കൊണ്ടുള്ള ഉത്തരവിൽ അപേക്ഷകയുടെ ജനനത്തീയതി, Permanent Employee Number, പലിശരഹിത ചികിത്സാവായ്പയ്ക്ക് അപേക്ഷ സമർപ്പിച്ച തീയതി എന്നിവ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്. കൂടാതെ, മേപ്പടി പലിശരഹിത ചികിൽസാ വായ്പ ക്രമീകരിക്കുന്നതിനായി പലിശരഹിത ചികിൽസാ വായ്പയ്ക്ക് അപേക്ഷ സമർപ്പിച്ച തീയതി മുതൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ട കാലയളവ് വരെയുള്ള ചികിത്സയുടെ ബില്ലുകൾ മാത്രമേ സമർപ്പിക്കാവൂ. അപ്രകാരമുള്ള ഉപയുക്തതാ സർട്ടിഫിക്കറ്റ് മാത്രമേ ലഭ്യമാക്കാവൂ. വായ്പ ക്രമീകരിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുമ്പോൾ വായ്പ കൈപ്പറ്റിയ തീയതി ഉൾപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം.
ശ്രീമതി ശ്രീകല എൻ.എസ്., ടീച്ചർ-ഇൻ-ചാർജ്, ന്യൂ എച്ച്.എസ്.എസ്. നെല്ലിമൂട്, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (അനൗ.നം.എൽ.3/28/2025/ഫിൻ തീയതി 07/03/2025)
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് (അനൗ.നം.ജി2/140/2025/ആ.കു.വ തീയതി 19/03/2025)

സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, നെയ്യാറ്റിൻകര
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം,
തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ3/26/2025/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Anil Kumar P
Date: 07-04-2025 16:35:03

സെക്ഷൻ ഓഫീസർ